"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സി.എസ്.ഐ.എൻ.ഡി.- കെ.എസ്.ഐ.എൻ.സി -500 മെട്രിക് ടൺ ബൾക്ക് ബാർജ് നിർമ്മാണം- പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ്**

**സ.ഉ.(കൈ) നം.8/2025/CSIND തീയതി, തിരുവനന്തപുരം, 07-06-2025**

---

**AS Number : AS/CSN/25/42782 Valid upto : 05/06/2028**

പരാമർശം:-
1. 19/10/2017 ലെ സ.ഉ.(സാധാ.)നം.22/2017/സി.എസ്.ഐ.എൻ.ഡി
2. 31.12.2022 ലെ സ.ഉ.(സാധാ.)നം.24/2022/സി.എസ്.ഐ.എൻ.ഡി
3. കെ.എസ്.ഐ.എൻ.സി മാനേജിംഗ് ഡയറക്ടറുടെ 17.01.2024ലെ ആന്വൽ പ്ലാൻ /2023-24 നമ്പർ കത്ത്.
4. 19.01.2025 ലെ സ.ഉ.(സാധാ.)നം. 1/2025/സി.എസ്.ഐ.എൻ.ഡി

**<u>ഉത്തരവ്</u>**

കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.എൻ.സി)-ന്റെ പ്രധാന പ്രവർത്തനം ജലമാർഗ്ഗമുള്ള ചരക്ക് ഗതാഗതമാണ്. കെ.എസ്.ഐ.എൻ.സിയുടെ പ്രധാന ഉപഭോക്താവായ ഫാക്ട് ലിമിറ്റഡ് -ന്റെ ഗതാഗത ആവശ്യകതയിൽ വർദ്ധനവ് പ്രതീക്ഷിച്ചുകൊണ്ട് 500 മെട്രിക് ടൺ ബൾക്ക് ബാർജ് നിർമ്മിക്കുന്നതിന് 2017-18 വർഷം കെ.എസ്.ഐ.എൻ.സി പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 4.5 കോടി രൂപ ചെലവിൽ 500 മെട്രിക് ടൺ ബൾക്ക് ബാർജ് നിർമ്മാണത്തിന് പരാമർശം(1) പ്രകാരം ഭരണാനുമതി നല്കിയിരുന്നു. എന്നാൽ ഫാക്ട് ലിമിറ്റഡിന്റെ ഇറക്കുമതി നയത്തിലെ മാറ്റം കാരണം ബാർജിന്റെ നിർമ്മാണം തൽക്കാലം നിർത്തിവയ്ക്കുകയുണ്ടായി. ഫാക്ട് ലിമിറ്റഡ് അതിന്റെ പ്രവർത്തന ശേഷി വർദ്ധിപ്പിക്കാൻ പോവുകയും ചെയ്യുന്ന സാഹചര്യത്തിൽ ബൾക്ക് ബാർജിന്റെ ആവശ്യമുണ്ടാകുമെന്നും, 500 മെട്രിക് ടൺ ബൾക്ക് ബാർജിന്റെ നിർമ്മാണത്തിനായുള്ള ഭരണാനുമതിയുടെ കാലാവധി അവസാനിച്ചതിനാൽ അത് പുതുക്കി നല്കണമെന്നും കെ.എസ്.ഐ.എൻ.സി മാനേജിംഗ് ഡയറക്ടർ പിന്നീട് അഭ്യർത്ഥിച്ചതിനാൽ പരാമർശം (2) ഉത്തരവ് പ്രകാരം ഭരണാനുമതി പുതുക്കി നല്കുകയുണ്ടായി.

2. ഭരണാനുമതി പുതുക്കി ഉത്തരവ് നല്കിയപ്പോഴേക്കും 2021 ലെ പുതിയ ഇൻലാൻഡ് വെസൽ ആക്റ്റ്, 2022 ലെ ഇൻലാൻഡ് വെസൽ റൂൾസ് എന്നിവ പ്രാബല്യത്തിൽ വന്നതിനാൽ പുതിയ നിയമങ്ങൾ അനുസരിച്ച് ബാർജിന്റെ രൂപകൽപ്പനയിലും ഡ്രോയിംഗുകളിലും ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടി വന്നുവെന്നും, ബാർജിന്റെ നിർമ്മാണത്തിനായി ടെൻഡറുകൾ

ക്ഷണിച്ചപ്പോൾ ആദ്യ ടെൻഡറിൽ യോഗ്യതയുള്ള ഒരു ബിഡ്ഡർ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നതിനാൽ വീണ്ടും ടെൻഡർ ചെയ്യുകയുണ്ടായെന്നും, റീ-ടെൻഡറിൽ യോഗ്യതയുള്ള രണ്ട് ബിഡ്ഡർമാർ ഉണ്ടായിരുന്നതിൽ L1 ബിഡ്ഡർ, കണക്കാക്കിയ ചെലവിനേക്കാൾ 68.51% കൂടുതലും (7.59 കോടി രൂപ) L2 ബിഡ്ഡർ 131.93% കൂടുതലും (10.44 കോടി) ആണ് ക്വോട്ട് ചെയ്തതെന്നതിനാൽ യാർഡ് വാടക, ലോഞ്ചിംഗ് ചാർജുകൾ എന്നിവ ലാഭിച്ചുകൊണ്ട് ചിലവ് കുറയ്ക്കുന്നതിനായി തോപ്പുംപടിയിലെ KSINC യാർഡിൽ ബാർജിന്റെ നിർമ്മാണം നടത്തുവാൻ തീരുമാനിക്കുകയും അതനുസരിച്ച് ടെൻഡറുകൾ ക്ഷണിക്കുകയും ചെയ്തപ്പോൾ ഏറ്റവും കുറഞ്ഞ തുക 6.65 കോടി രൂപയായി മാറിയെന്നും ഇത് കണക്കാക്കിയ ചെലവിനേക്കാൾ 47.78% കൂടുതലാണെന്നും പുതുതായി അവതരിപ്പിച്ച ഇൻലാന്റ് വെസ്സൽ നിയമങ്ങളിലെ വ്യവസ്ഥകളാണ് ചെലവ് വർദ്ധിക്കാനുള്ള പ്രധാന കാരണമെന്നും 24 മീറ്ററിൽ കൂടുതൽ നീളമുള്ള ജലയാനങ്ങൾ ഇന്ത്യൻ രജിസ്റ്റർ ഓഫ് ഷിപ്പിംഗ് അല്ലെങ്കിൽ മറ്റേതെങ്കിലും ക്ലാസിഫിക്കേഷൻ സൊസൈറ്റി പ്രകാരം നിർമ്മിക്കേണ്ടതുണ്ടെന്നും IRS നിയമങ്ങളും നിയന്ത്രണങ്ങളും കൂടുതൽ കർശനമാണെന്നും പ്രത്യേകിച്ചും സുരക്ഷയുടെ കാര്യത്തിൽ ഈ നിയമങ്ങൾ ജലയാനങ്ങളുടെയും ജീവനക്കാരുടെയും/യാത്രക്കാരുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായതിനാൽ അത് പാലിക്കേണ്ടത് ആവശ്യമാണെന്നും അത് പാലിക്കുന്നതിന് അധിക ചെലവുകൾ ആവശ്യമായി വരുന്നതിനാൽ 500 മെട്രിക് ടൺ ബൾക്ക് ബാർജ് നിർമ്മാണത്തിനായി 6.65 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നല്കണമെന്നും സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നുമുള്ള വിഹിതം 3.00 കോടി രൂപയിൽ നിന്നും 5.00 കോടി രൂപയായി വർദ്ധിപ്പിക്കണമെന്നും കെ.എസ്.ഐ.എൻ.സി മാനേജിംഗ് ഡയറക്ടർ പരാമർശം 3 പ്രകാരം അഭ്യർത്ഥിക്കുകയും ബാക്കിയുള്ള 1.65 കോടി രൂപ കെ.എസ്.ഐ.എൻ.സി വഹിക്കുന്നതാണെന്ന് അറിയിക്കുകയുമുണ്ടായി.

3. <u>പുതുക്കിയ എസ്റ്റിമേറ്റിന്റെ സംക്ഷിപ്തം</u>

| Si No. | Description of works | Amount in Rs. |
|---|---|---|
| 1 | Steel Works | 4,19,25,929.60 |
| 2 | Pipes & Fittings including valves | 25,47,841.26 |
| 3 | Electrical works | 5,92,595.60 |
| 4 | Surface preparation & Painting | 23,22,087.33 |
| 5 | LSA & FFA | 1,28,525.37 |
| 6 | Machinery works | 57,63,030.50 |
| 7 | Miscellaneous works | 7,73,840.14 |
| 8 | Statutory License Fees | 3,15,000.00 |
| 9 | Launching of the vessel | 4,64,600.00 |
| 10 | Unforeseen Items | 14,45,135.00 |
| | Total | 5,62,78,584.80 |
| | GST @ 18% | 1,01,30,145.26 |
| | Grand Total | 6,64,08,730.06 |
| | Rounded off | 91,269.94 |
| | | **6,65,00,000.00** |

4. പരാമർശം (4) ഉത്തരവ് പ്രകാരം രൂപീകരിച്ച സാങ്കേതിക ഉപദേശക സമിതി പുതുക്കിയ എസ്റ്റിമേറ്റ് പരിശോധിക്കുകയും 04.04.2025ൽ കൂടിയ യോഗത്തിൽ എസ്റ്റിമേറ്റ് അംഗീകരിക്കുകയും, ഭരണാനുമതിക്കായി ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. IRS ക്ലാസ് പ്രകാരം ബാർജ് നിർമ്മിക്കുന്നതിനാൽ എല്ലാ വിശദമായ ഡ്രോയിംഗുകളും, കണക്കുകൂട്ടലുകളും അനുബന്ധ രേഖകളും ഇന്ത്യൻ രജിസ്റ്റർ ഓഫ് ഷിപ്പിംഗിന് (IRS) ബിൽഡർ സമർപ്പിക്കുകയും ആവശ്യമായ പരിശോധനയ്ക്ക് ശേഷം IRS അത് അംഗീകരിക്കുകയും ചെയ്യുമെന്ന കാരണത്താൽ ഡ്രോയിംഗുകൾ അന്തിമമാക്കാത്തതോ IRS അംഗീകരിക്കാത്തതോ ആയ ബാർജിന്റെ സ്ഥിരതയും, നൽകിയിരിക്കുന്ന വ്യവസ്ഥകളുടെ സ്വീകാര്യതയും ഈ ഘട്ടത്തിൽ പരിശോധിക്കേണ്ട ആവശ്യമില്ലെന്ന് കമ്മിറ്റി അഭിപ്രായപ്പെട്ടിട്ടുമുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്-ന് 5056-00-190-93-P-കാർഗോ ബാർജുകളുടെ നിർമ്മാണം (KSINC) എന്ന ശീർഷകത്തിൽ നിന്നും 3 കോടി രൂപ പദ്ധതി വിഹിതമായി അനുവദിച്ചുകൊണ്ട് 4.5 കോടി രൂപയുടെ ഭരണാനുമതി നല്കിയിരുന്ന '500 മെട്രിക് ടൺ ബൾക്ക് ബാർജ് നിർമ്മാണം' എന്ന പദ്ധതിയ്ക്കുള്ള സംസ്ഥാന പദ്ധതി വിഹിതം 5,00,00,000/- (അഞ്ച് കോടി) രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് 6,65,00,000/- (ആറ് കോടി അറുപത്തിയഞ്ച് ലക്ഷം) രൂപയുടെ സമഗ്രമായ പുതുക്കിയ ഭരണാനുമതി, ബജറ്റിൽ അനുവദിച്ച ഫണ്ടിലേക്ക് ചെലവ് പരിമിതപ്പെടുത്തണമെന്ന വ്യവസ്ഥയിൽ നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്, കൊച്ചി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ് (എ1/46/2024/PLGEA തീയതി 16.03.2024)
ധനകാര്യ (പി.യു-എ) വകുപ്പ് ( പി.യു-എ3/9/2024-ധന (2688688) തീയതി 25.09.2024)
പൊതുഭരണ (എസ്.സി.) വകുപ്പ്. (05.06.2025 ലെ ഇനം നമ്പർ 3006)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി(എ1/14/2024/സി.എസ്.ഐ.എൻ.ഡി.)

ഉത്തരവിൻ പ്രകാരം
Signed by
Bimal V
സെക്ഷൻ ഓഫീസർ
Date: 09-06-2025 10:23:36

പകർപ്പ്-
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
സി.എസ്.ഐ.എൻ. വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-06-2025

ഫയൽ നം. എ1/14/2024/സി.എസ്.ഐ.എൻ.ഡി. ഇനം നം: 3006

വിഷയം : കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ് - കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്-ന് 4.5 കോടി രൂപയുടെ ഭരണാനുമതി നല്കിയിരുന്ന '500 മെട്രിക് ടൺ ബൾക്ക് ബാർജ് നിർമ്മാണം' എന്ന പദ്ധതിയ്ക്ക് സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നുമുള്ള വിഹിതം 5.00 കോടി രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് 6.65 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നല്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ്.

6/6/25
S.S

OFFICE OF THE ADDITIONAL CHIEF SECRETARY, HOME & VIGILANCE DEPARTMENT
05 JUN 2025
6.30 pm

3006

**കേരള സർക്കാർ**
**[ ശ്രീ. പിണറായി വിജയൻ മന്ത്രിസഭ ]**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം. എ 1/14/2024/സി.എസ്.ഐ.എൻ.ഡി. |
| 2 | വകുപ്പ് | : | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്. |
| 3 | വിഷയം | : | കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് -ന് 4.5 കോടി രൂപയുടെ ഭരണാനുമതി നല്കിയിരുന്ന '500 മെട്രിക് ടൺ ബൾക്ക് ബാർജ് നിർമ്മാണം' എന്ന പദ്ധതിയ്ക്ക് സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നുമുള്ള വിഹിതം 5.00 കോടി രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് 6.65 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നല്കുന്നത്- സംബന്ധിച്ച് . |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 15/05/2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ. |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾ കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ അഭിപ്രായം കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സജികുമാർ. ജെ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര്. | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | | 23.05.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | : | ഡോ. എ.ജയതിലക് |
| 11 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26.05.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മുഖ്യമന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : | 29.05.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 30.05.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1. കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് – ന് സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും പദ്ധതി വിഹിതമായി 3 കോടി രൂപ വകയിരുത്തിക്കൊണ്ട് 4.5 കോടി രൂപയുടെ ഭരണാനുമതി നല്കിയിരുന്ന '500 മെട്രിക് ടൺ ബൾക്ക് ബാർജ് നിർമ്മാണം' എന്ന പദ്ധതിയ്ക്ക് 6.65 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നല്കുന്നതും സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നുമുള്ള വിഹിതം 5.00 കോടി രൂപയായി വർദ്ധിപ്പിക്കുന്നതും സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.എൻ.സി)-ന്റെ പ്രധാന പ്രവർത്തനം ജലമാർഗ്ഗമുള്ള ചരക്ക് ഗതാഗതമാണ്. കമ്പനിയുടെ യാനങ്ങൾ പ്രതിവർഷം 3,00,000 മെട്രിക് ടൺ ഖര, ദ്രാവക ചരക്കുകൾ കൊണ്ടുപോകുന്നു. ഫാക്ട് ലിമിറ്റഡ്, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് എന്നിവ കെ.എസ്.ഐ.എൻ.സി ചരക്ക് കൊണ്ടുപോകുന്ന കമ്പനികളുടെ പട്ടികയിൽ ഉൾപ്പെടുന്നു. കെ.എസ്.ഐ.എൻ.സിയുടെ പ്രധാന ഉപഭോക്താവായ ഫാക്ട് ലിമിറ്റഡ്-നുവേണ്ടി പ്രതിവർഷം ഏകദേശം 2 ലക്ഷം മെട്രിക് ടൺ ചരക്ക് കെ.എസ്.ഐ.എൻ.സി എത്തിക്കുന്നുണ്ട്. ഫാക്ട് ലിമിറ്റഡ്-ന്റെ ഗതാഗത ആവശ്യകതയിൽ വർദ്ധനവ് പ്രതീക്ഷിച്ചുകൊണ്ട് 500 മെട്രിക് ടൺ ബൾക്ക് ബാർജ് നിർമ്മിക്കുന്നതിന് 2017-18 വർഷം കെ.എസ്.ഐ.എൻ.സി പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 4.5 കോടി രൂപ ചെലവിൽ 500 മെട്രിക് ടൺ ബൾക്ക് ബാർജ് നിർമ്മിക്കുന്നതിന് ഭരണാനുമതി 19/10/2017 ലെ സ.ഉ.(സാധാ.)നമ്പർ 22/2017/ സി.എസ്.ഐ.എൻ.ഡി പ്രകാരം നല്കിയിരുന്നു. എന്നാൽ ഫാക്ട് ലിമിറ്റഡിന്റെ ഇറക്കുമതി നയത്തിലെ മാറ്റം കാരണം, ബാർജിന്റെ നിർമ്മാണം തല്ക്കാലം നിർത്തിവയ്ക്കുകയുണ്ടായി.

3. ഫാക്ട് ലിമിറ്റഡിനുള്ള അസംസ്കൃത വസ്തുക്കൾ കൊണ്ടുപോകുന്നതിനുദ്ദേശിച്ചുള്ള പുതിയ ബാർജിന്റെ നിർമ്മാണം ഫാക്ടിന്റെ ഭാവിയെക്കുറിച്ചുള്ള അനിശ്ചിതത്വം കാരണം മാറ്റിവച്ചിരുന്നെങ്കിലും ഫാക്ട് ലിമിറ്റഡ് ദുഷ്കരമായ കാലഘട്ടത്തെ മറികടക്കുകയും, അതിന്റെ പ്രവർത്തന ശേഷി പ്രതിവർഷം 6.00 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കാൻ പോവുകയും ചെയ്യുന്ന സാഹചര്യത്തിൽ ബൾക്ക് ബാർജിന്റെ ആവശ്യമുണ്ടാകുമെന്നും 500 മെട്രിക് ടൺ ബൾക്ക് ബാർജിന്റെ നിർമ്മാണത്തിനായുള്ള ഭരണാനുമതിയുടെ കാലാവധി അവസാനിച്ചതിനാൽ അത് പുതുക്കി നല്കണമെന്നും കെ.എസ്.ഐ.എൻ.സി മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചതിനെത്തുടർന്ന് 31.12.2022 ലെ സ.ഉ.(സാധാ.)നമ്പർ 24/2022/സി.എസ്.ഐ.എൻ.ഡി പ്രകാരം ഭരണാനുമതി പുതുക്കി നല്കുകയുണ്ടായി.

4. ഭരണാനുമതി പുതുക്കി ഉത്തരവ് നല്കിയപ്പോഴേക്കും 2021 ലെ പുതിയ ഇൻലാൻഡ് വെസൽ ആക്റ്റ്, 2022 ലെ ഇൻലാൻഡ് വെസൽ റൂൾസ്, എന്നിവ പ്രാബല്യത്തിൽ വന്നതിനാൽ പുതിയ നിയമങ്ങൾ അനുസരിച്ച് ബാർജിന്റെ രൂപകൽപ്പനയിലും ഡ്രോയിംഗുകളിലും ആവശ്യമായ മാറ്റങ്ങൾ കെ.എസ്.ഐ.എൻ.സി.ക്ക് വരുത്തേണ്ടി വന്നു. ബാർജിന്റെ നിർമ്മാണത്തിനായി ടെൻഡറുകൾ ക്ഷണിച്ചപ്പോൾ ആദ്യ ടെൻഡറിൽ യോഗ്യതയുള്ള ഒരു ബിഡ്ഡർ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നതിനാൽ വീണ്ടും ടെൻഡർ ചെയ്യുകയുണ്ടായി. റീ-ടെൻഡറിൽ യോഗ്യതയുള്ള രണ്ട് ബിഡ്ഡർമാർ ഉണ്ടായിരുന്നതിൽ L1 ബിഡ്ഡർ കണക്കാക്കിയ ചെലവിനേക്കാൾ 68.51% കൂടുതലും (7.59 കോടി രൂപ) രണ്ടാമത്തെ ബിഡ്ഡർ (L2) 131.93% കൂടുതൽ (10.44 കോടി) - യുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. യാർഡ് വാടക, ലോഞ്ചിംഗ് ചാർജ്ജുകൾ എന്നിവ ലാഭിച്ചുകൊണ്ട് ചിലവ് കുറയ്ക്കുന്നതിനായി തോപ്പുംപടിയിലെ KSINC യാർഡിൽ നിർമ്മാണം നടത്തുവാൻ തീരുമാനിക്കുകയും അതനുസരിച്ച് ടെൻഡറുകൾ ക്ഷണിക്കുകയും ചെയ്തപ്പോൾ ഏറ്റവും കുറഞ്ഞ തുക 6.65 കോടി രൂപയായി മാറി. ഇത് കണക്കാക്കിയ ചെലവിനേക്കാൾ 47.78% കൂടുതലാണ്.

5. പുതുതായി അവതരിപ്പിച്ച ഇൻലാന്റ് വെസ്സൽ നിയമങ്ങളിലെ വ്യവസ്ഥകളാണ് ചെലവ് വർദ്ധിക്കാനുള്ള പ്രധാന കാരണം. 24 മീറ്ററിൽ കൂടുതൽ നീളമുള്ള കപ്പലുകൾ ഇന്ത്യൻ രജിസ്റ്റർ ഓഫ് ഷിപ്പിംഗ് അല്ലെങ്കിൽ മറ്റേതെങ്കിലും ക്ലാസിഫിക്കേഷൻ സൊസൈറ്റി പ്രകാരം നിർമ്മിക്കേണ്ടതുണ്ട്. IRS നിയമങ്ങളും നിയന്ത്രണങ്ങളും കൂടുതൽ കർശനവും, പ്രത്യേകിച്ചും സുരക്ഷയുടെ കാര്യത്തിൽ അത് പാലിക്കേണ്ടത് ആവശ്യവുമാണ്. ഈ നിയമങ്ങൾ കപ്പലിന്റെയും ജീവനക്കാരുടെയും / യാത്രക്കാരുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായതിനാൽ, അത് പാലിക്കുന്നതിന് അധിക ചെലവുകൾ ആവശ്യമായി വരുന്നു. ആയതിനാൽ 500 മെട്രിക് ടൺ ബൾക്ക് ബാർജ് നിർമ്മാണത്തിനായി 6.65 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നല്കണമെന്നും സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നുമുള്ള വിഹിതം 3.00 കോടി രൂപയിൽ നിന്നും 5.00 കോടി രൂപയായി വർദ്ധിപ്പിക്കണമെന്നും കെ.എസ്.ഐ.എൻ.സി മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയും ബാക്കിയുള്ള 1.65 കോടി രൂപ കെ.എസ്.ഐ.എൻ.സി വഹിക്കുന്നതാണെന്ന് അറിയിക്കുകയുമുണ്ടായി.

**പുതുക്കിയ എസ്റ്റിമേറ്റിന്റെ സംക്ഷിപ്തം**

| Si No. | Description of works | Amount in Rs. |
|---|---|---|
| 1 | Steel Works | 4,19,25,929.60 |
| 2 | Pipes & Fittings including valves | 25,47,841.26 |
| 3 | Electrical works | 5,92,595.60 |
| 4 | Surface preparation & Painting | 23,22,087.33 |
| 5 | LSA & FFA | 1,28,525.37 |
| 6 | Machinery works | 57,63,030.50 |
| 7 | Miscellanious works | 7,73,840.14 |
| 8 | Statutory License Fees | 3,15,000.00 |
| 9 | Launching of the vessel | 4,64,600.00 |

| | | |
|---|---|---|
| 10 | Unforeseen Items | 14,45,135.00 |
| | Total | 5,62,78,584.80 |
| | GST @ 18% | 1,01,30,145.26 |
| | Grand Total | 6,64,08,730.06 |
| | Rounded off | 91,269.94 |
| | | **6,65,00,000.00** |

6. ഈ പ്രൊപ്പോസൽ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി നല്കിയപ്പോൾ താഴെപ്പറയുന്ന അഭിപ്രായം അറിയിച്ചിട്ടുണ്ട് :

" I. Since it is a long pending project, Planning & EA department agrees to accord comprehensive Revised Administrative Sanction for the project "Construction of 500MT Bulk Barge" for an amount of Rs.6.65 crore (Plan fund-Rs. 5.00 crore and own fund of KSINC - Rs. 1.65 crore), with the concurrence of Finance department. The expenditure will be limited to fund allocated in the budget.

II. The estimate should be scrutinized by a competent authority and FD should be satisfied about the additional commitment brought about on account of the new IV Rules and the revised techno economic viability assessment. "

7. തുടർന്ന് ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി നല്കിയപ്പോൾ താഴെപ്പറയുന്ന അഭിപ്രായം അറിയിച്ചിട്ടുണ്ട് :

"AD is advised to constitute a Technical Expert Committee including Chief Engineer, PWD (Mechanical) and an expert from CUSAT or equivalent in respective discipline to scrutinize the detailed estimate (especially all OD items ) and to ensure the acceptability of provisions given as well as stability of the bulk barge. It is also advised to accord AS after getting the estimate vetted by the Technical Committee."

8. കേരള മാരിടൈം ബോർഡ് മെക്കാനിക്കൽ മറൈൻ എഞ്ചിനീയർ ശ്രീ. ജീവാനന്ദ് എം ചെയർമാനായും, കുസാറ്റിലെ ഷിപ്പ് ടെക്നോളജി വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ശ്രീ. അരവിന്ദ് കെ.ആർ, സബ്ജക്റ്റ് എക്സ്പർട്ട് ആയും, കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് മാനേജർ (ടെക്നിക്കൽ) ശ്രീ. ജോസ് ജെയിംസ് കൺവീനർ ആയും ഒരു സാങ്കേതിക ഉപദേശക സമിതി (ടിഎസി) രൂപീകരിച്ചിരുന്നു. 6.65 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് പ്രസ്തുത സാങ്കേതിക ഉപദേശക സമിതി 04.04.2025 ൽ കൂടിയ യോഗത്തിൽ അംഗീകരിക്കുകയും ഭരണാനുമതി നല്കുന്നതിനു ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. IRS ക്ലാസ് പ്രകാരം ബാർജ് നിർമ്മിക്കുന്നതിനാൽ എല്ലാ വിശദമായ ഡ്രോയിംഗുകളും, കണക്കുകൂട്ടലുകളും അനുബന്ധ രേഖകളും ബിൽഡർ ഇന്ത്യൻ രജിസ്റ്റർ ഓഫ് ഷിപ്പിംഗിന് (IRS) സമർപ്പിക്കുകയും ആവശ്യമായ പരിശോധനയ്ക്ക് ശേഷം IRS അത്

അംഗീകരിക്കുകയും ചെയ്യുമെന്ന കാരണത്താൽ ഡ്രോയിംഗുകൾ അന്തിമമാക്കാത്തതോ IRS അംഗീകരിക്കാത്തതോ ആയ ബാർജിന്റെ സ്ഥിരതയും, നൽകിയിരിക്കുന്ന വ്യവസ്ഥകളുടെ സ്വീകാര്യതയും ഈ ഘട്ടത്തിൽ പരിശോധിക്കേണ്ട ആവശ്യമില്ലെന്ന് കമ്മിറ്റി അഭിപ്രായപ്പെട്ടിട്ടുമുണ്ട്.

9. 2025-26 ലെ വാർഷിക ബജറ്റിൽ '5056-00-190-93-P-കാർഗോ ബാർജുകളുടെ നിർമ്മാണം (KSINC) എന്ന ഹെഡ് ഓഫ് അക്കൗണ്ട് പ്രകാരം 3,06,00,000 രൂപ വകയിരുത്തിയിട്ടുണ്ട്.

10. പുതുക്കിയ ഭരണാനുമതിയ്ക്കായുള്ള പ്രൊപ്പോസലിന് അംഗീകാരം നല്കുന്നത് സംബന്ധിച്ച് ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് -ന് 5056-00-190-93- P- കാർഗോ ബാർജുകളുടെ നിർമ്മാണം (KSINC) എന്ന ശീർഷകത്തിൽ നിന്നും 3 കോടി രൂപ പദ്ധതി വിഹിതമായി അനുവദിച്ചുകൊണ്ട് 4.5 കോടി രൂപയുടെ ഭരണാനുമതി നല്കിയിരുന്ന '500 മെട്രിക് ടൺ ബൾക്ക് ബാർജ് നിർമ്മാണം' എന്ന പദ്ധതിയ്ക്കുള്ള സംസ്ഥാന പദ്ധതി വിഹിതം 5.00 കോടി രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് 6.65 കോടി രൂപയുടെ സമഗ്രമായ പുതുക്കിയ ഭരണാനുമതി, ബജറ്റിൽ അനുവദിച്ച ഫണ്ടിലേക്ക് ചെലവ് പരിമിതപ്പെടുത്തണമെന്ന വ്യവസ്ഥയിൽ നല്കാമോ?